**<u>പരിസ്ഥിതി വിലാപം (കവിത)</u>**

അംബര ചുംബികൾ,ഒരായിരം സൌധങ്ങൾ
അനന്തവിഹായസിലുറ്റുനോക്കി നില്ക്കുംനേരം
ആയിരം ശകടങ്ങൾ നിരത്തിലങ്ങിങ്ങു പായുമ്പോൾ
അതിശയിച്ചു ഞാൻ കാലത്തിൻ മാറ്റമിതെന്നു.

വികസനമെന്നു പേരിട്ടു മാനവൻ
വിണ്ണിനെ നോക്കി തീർത്തോരായിരം സൌധങ്ങൾ
വിസ്മയം പൂണ്ടു നില്ക്കുമ്പോലെന്തേ
ബാബേൽ ഗോപുരത്തിൻ സ്മരണകൾഉയര്ന്നൂ??

മണ്ണിൽ പൊന്നു വിളയിച്ചൊരു പാവമാം കർഷകൻ
മണ്ണിനെ സ്നേഹിച്ച മാനവൻ
മണ്ണിനോടിഴുകി, മണ്ണിലുയർത്തി
മണ്ണിൻ ദാന മാം ഫല വൃക്ഷങ്ങൾ.

നഗരം വളർന്നു മണ്ണിൽ,
നരകം തീർത്തു മണ്ണിനായി
ഗ്രാമം തളർന്നു മണ്ണിൽ
പാവമാം കർഷകനേങ്ങി, “മണ്ണേ ചതിച്ചുവോ”?

ഇരവും പകലുമെന്നപോലെ

ഇതല്ലോ മാനവൻതൻ വേറിട്ട മുഖങ്ങൾ

കണ്ണീരൊഴുക്കി മണ്ണിൻ സ്നേഹിതർ

കണ്ണീർ ചിന്തി വൈരികളും.

ഗാട്ഗിലും, കസ്തൂരി രംഗനും,

തീർത്തു റിപ്പോർട്ടുകൾ, വാദമുഖങ്ങൾ

ഹാ പരിസ്ഥിതി എത്ര ദുർബലം!

ദുർബലപ്രദേശങ്ങൾ സംരക്ഷിക്കപ്പെടവേണമെന്നും.

വാളെടുത്തു വടിയെടുത്തു തെരുവിലിറങ്ങി

പാർട്ടികൾ എത്തി, മതങ്ങളും എത്തി

തെരുവൊരു രണ ഭൂമിയായി

ഭൂമിദേവി വീണ്ടും കേഴുന്നുവോ?

ഞാനൊരു പാവം മാനവൻ

മണ്ണിൻ പുത്രൻ,അതല്ലോ മാനവൻ

ശരിയേതു തെറ്റേതെന്നറിയാതെ

ഉഴലുന്നൂ ഞാൻ, എന്താണീ കോലാഹലം?

അറിയുന്നു, ഞാനിന്നേവരും പറയുന്നു

“കർഷകരക്ഷ” ഞങ്ങൾ തൻ ലക്ഷ്യം

കേൾക്കുന്നു ഞാൻ വേറൊരു സ്വരം

“പരിസ്ഥിതി രക്ഷ” ഞങ്ങൾ തൻ മുദ്രാവാക്യം.

പരിസ്ഥിതി തൻ, മണ്ണിൻ സന്തതികൾ
ഞങ്ങൾ പാവമി കർഷകർ
പാർട്ടികളെ, മതങ്ങളെ, ഞങ്ങൾതൻ
പാർട്ടിയും മതവുമി ഭൂമിയെന്നറിയുക.

ആവില്ല ഞങ്ങൾക്കു വീണ്ടുമൊരു
കാടജനതയാകുവാൻ , എങ്കിലും
അറിയുക മണ്ണു ഞങ്ങൾ തൻ ജീവൻ
നിർത്തുകീപരാക്രമങ്ങൾ മണ്ണിൻ തൻപേരിൽ.

നഗരമേ പണിയുന്നു നീ ,നരകമീ ഉലകിൽ
ശകടങ്ങൾ, സൌധങ്ങൾ, ഭൂമി തൻ വിരിമാർതുരക്കുന്നു..
നമിക്കുന്നു ഭൂമി ദേവിതൻ മുന്നിൽ,
നേരുന്നോരായിരം അശ്രു പുഷ്പങ്ങളി മണ്ണിൽ
“ഭൂമി തൻ മക്കൾക്കായി”.